File No.FWLD-D3/197/2018-FWLD

പതിനാലാം കേരള നിയമസഭ

<u>പതിമൂന്നാം സമ്മേളനം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2800 07.12.2018 ൽ മറുപടിയ്ക്ക്

<u>വനം വകുപ്പിലെ വാഹനങ്ങൾ</u>

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ ആവശ്യത്തിനായി ഈ വർഷം പുതിയതായി വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; | (എ) | വനം വകുപ്പിന്റെ ആവശ്യത്തിനായി ഈ വർഷം പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്രയെണ്ണമാണെന്നും ഇതിനായി ചെലവഴിച്ച തുകയെത്ര യാണെന്നും വെളിപ്പെടുത്തുമോ; | (ബി) | 41 എണ്ണം. ഇതിനായി 3,45,12,557/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വനം വകുപ്പ് ആസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര വാഹനങ്ങളാണുള്ളത്; ഇവ ആർക്കൊക്കെയാണ് അനുവദിച്ചിട്ടുള്ളത്; ഇവ ഓടുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (സി) | വനം വകുപ്പ് ആസ്ഥാനത്ത് ഇപ്പോൾ 35 വാഹനങ്ങളാണുള്ളത്. ആയവ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ഫോറസ്റ്റ് കൺസർവേറ്റർമാർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ, ഡയറക്ടർ (എഫ്.ഐ.ബി), സീനിയർ ഫിനാൻസ് ഓഫീസർ, ജോയിന്റ് സെക്രട്ടറി (നിയമ വിഭാഗം), സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സ്പെഷ്യൽ ഓഫീസർ (പുത്തൂർ സുവോളജിക്കൽ പാർക്ക്), എസ്റ്റേറ്റ് ഓഫീസർ എന്നിവർക്കാണ് അനുവദിച്ചിട്ടുള്ളത്. ഇവ ഓടുന്നതിന് ദൂര പരിധി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | ഈ വാഹനങ്ങളിലെയെല്ലാം ഡ്രൈവർമാർ സ്ഥിരജീവനക്കാരാണോ അതോ കരാറടിസ്ഥാനത്തിലുള്ളവരാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ വാഹനങ്ങളിലെയും ഡ്രൈവർമാർ സ്ഥിരജീവനക്കാരല്ല. സ്ഥിരം ജീവനക്കാരില്ലാത്ത വാഹനങ്ങളിൽ ആവശ്യാനുസരണം ദിവസ വേതനാടിസ്ഥാനത്തിലാണ് ഡ്രൈവർമാരെ നിയോഗിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ.